പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 901

30.11.2018 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണത്തിൽ നിന്ന് സംരക്ഷണം

ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.പി.ജെ.ജോസഫ്
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ്

(എ) വന്യജീവി ആക്രമണത്തിൽ നിന്ന് കൃഷിയേയും കർഷകരേയും സംരക്ഷിക്കുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

ഉത്തരം

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി)

(എ) വന്യജീവി ആക്രമണത്തിൽ നിന്ന് കൃഷിയേയും കർഷകരേയും സംരക്ഷിക്കുവാൻ വനം വകുപ്പ് താഴെ പറയുന്ന നടപടികൾ സ്വീകരിച്ച് വരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.
2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ച വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.
3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.
6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.
8. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും

| | |
|---|---|
| | ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ<br>9. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ച് മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ<br>10. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ<br>11. വന്യജീവികൾ നാട്ടിലിറങ്ങുന്നത് അറിയിക്കുന്നതിനായി എസ്.എം.എസ് അലർട്ട് സംവിധാനം.<br>12. 1980-ലെ "ദി കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്" പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 05.04.2018-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 17/2018/വനം പ്രകാരം നിഷ്കർഷിക്കുന്ന നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നു.<br>ഈ സാമ്പത്തിക വർഷം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വനാതിർത്തിയിൽ സൗരോർജ്ജ കമ്പിവേലി (101.50 കി. മീ), ആനപ്രതിരോധ മതിൽ (0.41 കി. മീ), റെയിൽ ഫെൻസ് (16 കി.മീ) എന്നിവ നിർമ്മിക്കുന്നതിന് 26.40 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങളുടെ ആക്രമണത്താൽ ജീവൻ നഷ്ടപ്പെട്ട കർഷകരുടെ കുടുംബത്തിനും കൃഷിനാശം സംഭവിച്ച കർഷകർക്കും മതിയായ സമാശ്വാസ ധനസഹായവും നഷ്ടപരിഹാരവും നൽകുന്നതിന് സാധിച്ചുവോ; വ്യക്തമാക്കുമോ; | (ബി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. |
| (സി) മലയോര മേഖലയിൽ കർഷകർക്ക് വന്യജീവികളിൽ നിന്ന് നേരിടുന്ന ആക്രമണങ്ങളിൽ നിന്ന് ഫലപ്രദമായ സംരക്ഷണം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ഉത്തരം (എ)ൽ പറഞ്ഞിരിക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

(ഡി) വന്യജീവികളുടെ ജീവഹാനിയുമായി ബന്ധപ്പെട്ട് കർഷകരെ അന്യായമായി കേസിൽപ്പെടുത്തുന്നുവെന്ന വിഷയത്തിൽ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ